# ലിറ്റ്-ബിറ്റ്സ്

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ജി ഡബ്ല്യു എച്ച് എസ് പാണത്തൂർ



# ജി ഡബ്ല എച്ച് എസ് പാണത്തൂർ



# ആമുഖം

കേരളത്തിലിന്റെ ഊട്ടി എന്നറിയപ്പെടുന്ന റാണിപുരം മലനിരകളുടെ കളിക്കുട്ടുകാർക്കു അക്ഷരവെളിച്ചം പകർന്നു നൽകുന്ന വിദ്യാലയമാണ് ജി ഡബ്ല്യൂ എച്ച് എസ്സ് പാണത്തൂർ. ചരിത്രം ഉറങ്ങുന്ന പാണത്തൂരിൽ ആധുനികതയുടെ വിത്തുവിതയ്ക്കാൻ കഴിഞ്ഞു എന്നത് ഈ വിദ്യാലയത്തിന്റെ ചരിത്രം സ്വർണ്ണലിപികളിൽ എഴുതപ്പെടാൻ കഴിഞ്ഞു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഏതൊരു പ്രദേശത്തിന്റെയും പേരും പ്രശസ്തിയും പരകോടിയിൽ എത്തിക്കുന്നത് അവിടുത്തെ വിദ്യാലയ പ്രവർത്തനങ്ങൾ തന്നെയാണ്

ജി ഡബ്ല്യൂ എച്ച് എസ്സ് പാണത്തൂർ 2022 -25 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വളരെ അധികം അഭിനന്ദനാർഹമായ രീതിയിൽ തന്നെ നടന്നു വരുന്നു.

# അമ്മയും ഉമ്മയും

അമ്മയെന്നോതുന്നു ഹിന്ദുക്കൾ
ഉമ്മയെന്നോതുന്നതോ മുസൽമാനും
അമ്മയും ഉമ്മയും ഒന്നു തന്നെ
അമ്മയെന്നത് ഉമ്മയുടെ
പര്യായം മാത്രം.......
അമ്മയുടെ മാധുര്യം.......
ഉമ്മയിലോളം നിറഞ്ഞിട്ടുള്ളത്
മറ്റെവിടെയാണ്.

ശാരി നായർ
(മലയാളം അധ്യാപിക)

# നിലാവ്

നിലാവ്
പാട്ടുന്നുണ്ടായിരുന്നു
കാണാതെ പോയ
ഇരുളിനെയും
കണ്ടെത്തിയ
ഓർമ്മകളെയും
തിരഞ്ഞ് അത് പാടി.....
ശബ്ദമില്ലാതെ........
വാക്കുകൾ ഉപേക്ഷിച്ച്
പോയകാലത്തെ ഭയന്ന്,
പുതിയതിനായ്
കാതോർത്ത്
ആ സംഗീതം
എവിടെയോ നിലച്ചു........

ദീപ പി
(മലയാളം അധ്യാപിക)

# രാരീരം

മിഴി  പൂട്ടുക കുഞ്ഞേ നീ
മിഴി പൂട്ടുക .....
രാരീരം രാരീരം രാരീരാരം
മനതാരിലൂറുന്ന
തേൻകിനാവായി നീ
ബാല്യത്തിലേക്കൊന്നു ചെന്ന് നോക്കു ......
അംമ്മതൻ  സ്നേഹമടിത്തട്ടിലോ
അച്ഛന്റെ വാത്സല്യ കൈകളിലോ
അപ്പൂപ്പനൊത്തും കഥകളിലോ
അമ്മൂമ്മതൻ ചിരിമുത്തത്തിലോ
അമ്മതൻ അമ്മിഞ്ഞപാൽമധുരം
അച്ഛന്റെ തോളത്തെ ആനകേറ്റം
അപ്പൂപ്പനോടൊപ്പം നീ പിച്ച പിച്ച
അമ്മൂമ്മനൽകും ചെറു മധുരം
എവിടേക്കു ചേക്കേറും എവിടേക്കു ചേക്കേറും
കുഞ്ഞു കിനാവിന്റെ തേരിലേറി
മിഴിപൂട്ടുക കുഞ്ഞേ നീ
മിഴിപൂട്ടുക ......
രാരീരം രാരീരം രാരീരാരം

ശാരി നായർ

(മലയാളം അധ്യാപിക)

# പ്രപഞ്ചവിധാനത്തിന്റെ മാധുര്യലഹരിയിൽ

പൊൻപുലരിയുടെ നന്ദിനിയായ
പുണ്യമേ........
നീ വശ്യമാം ശൈലിയിൽ
ഏവരെയും മയക്കുന്നു
നിൻ ജീവപരിസമാകെ
നന്മ വിതറാൻ
നിൻ കുട്ടരുണ്ടല്ലോ......
നിന്നോടൊപ്പം
പുണ്യപുരാതന പ്രപഞ്ചമേ
നിൻ മടിത്തട്ടിലിരുത്തി
താലോലിക്കാൻ നിന-
ക്കുണ്ടല്ലോ ഏറെ മക്കൾ
എങ്കിലും സൗരഭ്യമേ
നിൻ വർണ്ണങ്ങളി-
ലൊന്നായ് ഞാനും
കൊള്ളുന്നു

ദുർഗ്ഗ സതീഷ്
8 C

# അവൾ

സ്നേഹമായ് ഒഴുകുന്ന പുഴയായിരുന്നവൾ
തെളിനീരിൻ നേർത്ത അലയായ് ഒഴുകുമ്പോൾ
അറിയില്ല ആരുമേ അവൾ മനം
കുത്തിയൊഴുകുകയാണിന്നുമത്
കടമതൻ പേരിലും നാട്ടുനടപ്പിലും
ഒഴുകുവാൻ ആകാതെ വിങ്ങുമാഹൃദയം
പൊട്ടിച്ചെറിയാൻ വെമ്പുന്ന നേരത്ത്
കുത്തിയൊഴുകിപ്പോവുകയാണവൾ
അവളിലെ അവളെ കാണുവാനായി
അവളോട് ചേർന്നൊന്നിരിക്കണം ഇത്തിരി
നനയാതെ നനയുന്ന കണ്ണുകളിലായി
നഷ്ടസ്വപ്നത്തിൻ തീജ്വാലകാണാം

സൗമ്യ പള്ളിക്കവളപ്പിൽ
(ബയോളജി അധ്യാപിക)

# എന്തിനായിരിക്കാം

ഇന്നലെ കണ്ട സ്വപ്നത്തിൽ നിന്നും രാമു പതിയെ കണ്ണുതുറന്നു.ചുറ്റുപാടും നോക്കി.എല്ലാം പഴയത് പോലെ തന്നെ.ഒന്നിനും കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല.എന്നാലും,എന്ത് കൊണ്ടായിരിക്കും അത്തരത്തിലുള്ള സ്വപ്നം എന്റെ ഉറക്കത്തെ തടസ്സപ്പെടുത്തിയത്.രാമു,താൻ കണ്ട സ്വപ്നത്തെ ഒന്നും കൂടി ഓർത്തെടുക്കാൻ ശ്രമിച്ചു.രാമു കണ്ണുകൾ അടച്ചു..............

രാത്രി.....കൊടും രാത്രി.....കൂരാകൂരിരുട്ട്......എങ്ങും നിശബ്ദത.ഈ നിശബ്ദന്തിരക്ഷത്തെ കീറിമുറിച്ചുകൊണ്ട് പൊടുന്നനെ ഒരു കരച്ചിൽ കേൾക്കുന്നു.ആരുടേതാണെന്ന് കൃത്യമായി തിരിച്ചറിയാൻ കഴിഞ്ഞില്ല.വീണ്ടും ഓർത്തു.അതെ;ഒരു ചോരകുഞ്ഞിന്റെ.....അത് നിർത്താതെ കരയുകയാണ്.വെള്ളയിൽ പൊതിഞ്ഞ്,ആ ചെറുദേഹത്തെ ഒരു പീടികത്തിണ്ണയിൽ കിടത്തിയിരിക്കുകയാണ്.സമീപത്താരോ,ഇരിക്കുന്നുണ്ടായിരുന്നു.അൽപനേരം,കഴിഞ്ഞ് അവരും ദൂരേക്ക്......മറഞ്ഞുപോയി.വീണ്ടും കുഞ്ഞു മാത്രം........കരച്ചിൽ മാത്രം........കേൾക്കാം.ആ കരച്ചിൽ രാമുവിന്റെ ചെവിയിൽ അലയടിക്കുന്നുണ്ടായിരുന്നു.എന്തിനായിരിക്കാം,അവൻ ആ ചോരക്കുഞ്ഞിനെ വഴിയരികിൽ ഉപേക്ഷിച്ചത്?...........എന്ന ചോദ്യം മാത്രമേ അവനിൽ അവശേഷിക്കുന്നുണ്ടായിരുന്നുള്ളൂ......എന്തിനായിരിക്കാം..........?

അഭയ് മോഹൻ

8A